**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3554** — **15-02-2024 - ൽ മറുപടിയ്ക്ക്**

**പട്ടയം അനുവദിച്ചിട്ടും പ്ലോട്ട് അളന്നുകൊടുക്കാത്ത കേസുകൾ അടിയന്തരമായി പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | പട്ടയം അനുവദിച്ചിട്ടും പ്ലോട്ട് അളന്നുകൊടുക്കാത്ത എത്ര കേസുകളാണ് പയ്യന്നൂർ താലൂക്ക് പരിധിയിൽ നിലവിലുള്ളത് എന്ന് അറിയിക്കാമോ; | (എ) | **പട്ടയം അനുവദിച്ചിട്ടും പ്ലോട്ട് അളന്നുകൊടുക്കാത്ത എത്ര കേസുകളാണ് പയ്യന്നൂർ താലൂക്ക് പരിധിയിൽ നിലവിലുള്ളത് എന്നത് സംബന്ധിച്ച വ്യക്തമായ കണക്ക് ലഭ്യമല്ല. ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ താലൂക്കിൽ 12000 ത്തോളം പട്ടയം അനുവദിച്ചിരുന്നു. ഇവയിൽ 60 ശതമാനത്തോളം പ്ലോട്ടുകൾ പട്ടയം നൽകിയ സമയത്ത് തന്നെ അളന്നു നൽകിയിരുന്നു. എന്നാൽ വസ്തു അളന്നു ലഭിച്ചവരിൽ ആരും തന്നെ ഭൂമി കൈവശപ്പെടുത്തുകയോ അതിർത്തി ഇട്ടു സംരക്ഷിക്കുകയോ ചെയ്തിരുന്നില്ല. നിലവിൽ പ്രസ്തുത സ്ഥലത്ത് നേരത്തേ ഭൂമി അളന്നു ലഭിച്ചിരുന്നവരും, നേരത്തേ അളന്നു ലഭിക്കാത്തവരുമായ നിരവധി ആളുകൾ ഭൂമി അളന്നു ലഭിക്കുന്നതിന് ജില്ലാകളക്ടർ മുൻപാകെ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.** |
| (ബി) | പ്രത്യേക സർവ്വേ ടീമിനെ നിയോഗിച്ച് ഇത്തരം കേസുകൾ അടിയന്തരമായി പരിഹരിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | **ജില്ലയിൽ ഇക്കാര്യത്തിനായി ആവശ്യത്തിന് സർവയർമാർ ലഭ്യമല്ലാത്ത സാഹചര്യത്തിൽ, പ്രസ്തുത സ്ഥലം അളന്നു തിരിക്കേണ്ടത് ആവശ്യമാണെന്നു കാണുന്ന പക്ഷം ആയതിനായി പ്രത്യേക സർവ്വേ ടീമിനെ നിയോഗിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് കണ്ണൂർ ജില്ലാ കളക്ടർക്ക് ലാൻഡ് റവന്യൂ കമ്മീഷണർ നിർദ്ദേശം നൽകിയിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ